# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.505 02.12.2014-ൽ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീ. കെ.കെ. ജയചന്ദ്രൻ **ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

**നടപ്പ് സാമ്പത്തികവർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ**

| | | |
|---|---|---|
| (എ) | നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച എത്ര പുതിയ പദ്ധതികൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; | വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 228-ഓളം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ഇവയിൽ എത്രയെണ്ണത്തിന് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഭരണാനുമതി നൽകാൻ അവശേഷിക്കുന്നവ എത്രയാണെന്നും വ്യക്തമാക്കാമോ; | ഇവയിൽ 126 ഓളം പദ്ധതികൾക്ക് ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്. 102-ഓളം പദ്ധതികൾ ഭരണാനുമതി നൽകാനുണ്ട്. ബഡ്ജറ്റിൽ പദ്ധതികൾ പ്രഖ്യാപിച്ചതിനു ശേഷം അവ നടപ്പിലാക്കുന്നതിനുള്ള ചുമതല ഭരണ വകുപ്പുകൾക്കും, നിർവ്വഹണ വകുപ്പുകൾക്കുമാണ്. |
| (സി) | മുൻ സാമ്പത്തിക വർഷങ്ങളിൽ പ്രഖ്യാപിച്ച എത്ര പദ്ധതികളാണ് ഇപ്പോഴും നടപ്പിലാക്കുന്നതിനായി പരിഗണനയിലിരിക്കുന്നതെന്നും; ഭരണാനുമതി നൽകാൻ ബാക്കി നില്പുള്ളവ എത്രയാണെന്നും വ്യക്തമാക്കാമോ ; | മുൻ സാമ്പത്തിക വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഒട്ടുമിക്കവയുടേയും നിർവ്വഹണം പൂർത്തീകരിക്കപ്പെടുകയോ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയോ ചെയ്യുകയാണ്. വിവിധ ഭരണ വകുപ്പുകൾ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം മുൻ സാമ്പത്തിക വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ 360-ഓളം പദ്ധതികൾ നടപ്പിലാക്കുന്നതിനായി പരിഗണനയിലുണ്ട്. ഇതിൽ ഏകദേശം 100 പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ ബാക്കിയുണ്ട്. |

| | | |
|---|---|---|
| (ഡി) | എത്ര ഭരണാനുമതികൾ പുന:പരിശോധിച്ചതിന് ശേഷം റദ്ദ് ചെയ്യുകയുണ്ടായിട്ടുണ്ട് ; | ഭരണവകുപ്പുകൾ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളിൽ ഒന്നും തന്നെ പുനപരിശോധിച്ചശേഷം റദ്ദ് ചെയ്തതായി കാണുന്നില്ല. |
| (ഇ) | തന്നാണ്ടിൽ നൽകിയ ഭരണാനുമതിപ്രകാരമുള്ള പദ്ധതികളിൽ ഏതെങ്കിലും നടപ്പിലാക്കുകയുണ്ടായിട്ടുണ്ടോ; അവശേഷിക്കുന്നവ എത്രയാണെന്ന് വ്യക്തമാക്കാമോ ? | സംസ്ഥാനത്തിന്റെ വികസനവും, ക്ഷേമവും ലക്ഷ്യമാക്കി നിരവധി നൂതന പദ്ധതികൾ ബഡ്ജറ്റുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രഖ്യാപിച്ച പദ്ധതികളിൽ മിക്കവയും നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും, പല പദ്ധതികളും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മറ്റുചില പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. എന്നാൽ സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കുവാൻ സാധിക്കാത്ത പദ്ധതികളും ഉണ്ട്. |

സെക്ഷൻ ഓഫീസർ